Little KITEs

# GHSS CHUZHALI (13027)

Kannur

# Digital magazine



# LITTLE Kite Members












# Table of Contents

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ ചുഴലി....4
School @ online....6
അതിജീവനത്തിന്റെ പാതകൾ....7
First Shower....8
മതിലേരിക്കന്നി....9
പുനർ ജനി....10
URDU....12
ഗാന്ധിസാഹിത്യസംഗ്രഹം....14
*പ്രളയം*....15
നവകേരള സൃഷ്ടിക്കായി....16
*ഉബുണ്ടു*....17
ദൈവത്തിന്റെസ്വന്തം നാട്....18
സി .വി ശ്രീരാമൻ....20
നവകേരളം....21
നവകേരള നിർമ്മിതി....22
ദൈവത്തിന്റെ സ്വന്തം നാട്....24
വിധി....26
മലയാള ചെറുകഥ....28
*സമാദാന സമൂഹം*....*29*
കമ്പ്യൂട്ടർ ഹാർഡ്‌വെയർ....30
കീബോഡ്....31
പവർ കോഡ്....32
ടി.വി. ട്യൂണർ കാർഡ്....33
പവർ സപ്ലൈ....34
മദർബോഡ്....34
മോണിറ്റർ ദൃശ്യ സാങ്കേതിക വിദ്യകൾ....35
സെൻട്രൽ പ്രൊസസിങ് യൂണിറ്റ്....37
സൗണ്ട് കാർഡ്....38
റാം....38
റീഡ് ഒൺലി മെമ്മറി....40
Drawing of Students....41

# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ ചുഴലി.

മലയോര ഗ്രാമമായ ചുഴലിയിൽ 1912 ൽ സ്ഥാപിതമായ ചുഴലി സർക്കാർ വിദ്യാലയം ഇന്ന് 1200 ൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന ചുഴലി ഗവൺമെൻറ് ഹയർ സെക്കൻഡറി വിദ്യാലയമാണ്. കണ്ണൂർ ജില്ലയിൽ ഇരിക്കൂർ മണ്ഡലത്തിൽ ചെങ്ങളായി ഗ്രാമപഞ്ചായത്ത് ചുഴലി വില്ലേജിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.



പ്രീപ്രൈമറി മുതൽ പ്ലസ്ടു വരെ ക്ലാസുകൾ പ്രവർത്തിക്കുന്നു. 1960-ലാണ് ഇന്നത്തെ സ്ഥലത്ത് 3.5 ഏക്കറിൽ വിദ്യാലയം പ്രവർത്തിക്കുന്നത് .ഇരിക്കൂർ ഉപജില്ല തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലാ ഉൾപ്പെടുന്ന സർക്കാർ വിദ്യാലയമാണ് ഇത് .ചുഴലി ഹയർ സെക്കൻഡറി സ്കൂളിൽ പഠിച്ച നിരവധിയാളുകൾ ഇന്ത്യയിലും വിദേശത്തുമായി ആരും സേവനം അനുഷ്ഠിക്കുന്നു .ഡോക്ടർ മാധവൻ ,ഡോക്ടർ കുഞ്ഞിക്കണ്ണൻ, രഘുനാഥൻ ഐഎസ്ആർഒ ,അഡ്വക്കറ്റ് എസ് മുഹമ്മദ് ,റിട്ടേർഡ് DEO ടി വി നാരായണൻ ,റിട്ടേർഡ് AEO മാരായ പ്രഭാകരൻ മാസ്റ്റർ ,കൃഷ്ണൻ അച്യുതൻ മാസ്റ്റർ, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് KV സുമേഷ് എന്നിവർ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണ് .

ശ്രീ ജയപ്രകാശൻ പ്രസിഡണ്ടായും,VD ഗോപാലകൃഷ്ണൻ എസ്എംസി ചെയർമാനായും, ശ്രീ കെ കെ സുരേന്ദ്രൻ വൈസ് പ്രസിഡണ്ടായും, ശ്രീമതി ശ്രീജ മദർ പിടിഎ പ്രസിഡണ്ടായും ശക്തമായ ഒരു PTA സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു . ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ എം വി മുരളീധരൻ, പ്രിൻസിപ്പൽ Mercy thomas സേവനമനുഷ്ഠിക്കുന്നു .

**ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ GHSS ചുഴലി.**

വിദ്യാർഥികൾ പാഠ്യപാഠ്യേതര ഇനങ്ങളിൽ മികവ് പുലർത്തുന്നു. സ്റ്റുഡൻറ് പോലീസ് കേഡറ്റ് ,ജൂനിയർ റെഡ് ക്രോസ് ,ലിറ്റിൽ കൈറ്റ്സ് ,ബുൾബുൾ, എൻഎസ്എസ് എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. SPC വിദ്യാർത്ഥികളിൾ ജെ ആർ സി, എൻഎസ്എസ് വിദ്യാർത്ഥികൾ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. കുട്ടികളുടെ പ്രവർത്തനങ്ങൾക്ക് ശാസ്ത്ര പോഷിണി ലാബും ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു .എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയത്തിൽ 2018 മാർച്ച് നടന്ന എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം, 6 പുളിയ പ്ലസ് പ്ലസ്സുവിന് 85% വിജയം 8 ഫുൾ എപ്ലസ് എന്നിവ നേടാൻ കഴിഞ്ഞിട്ടുണ്ട് .എൽഎസ്എസ് പരീക്ഷയിൽ നാല് കുട്ടികളും, യു എസ് എസ് പരീക്ഷയിൽ 5 കുട്ടികൾക്ക് സ്കോളർഷിപ്പ് നേടി .


കലാകായിക രംഗങ്ങളിൽ മികച്ച വിജയം പുലർത്തുന്നു. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കുട്ടികൾ ഗ്രേഡുകൾ നേടിയിട്ടുണ്ട് .വിദ്യാലയത്തിലെ ഭൗതിക നിലവാരം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.


പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ഭാഗമായുള്ള എല്ലാ പ്രവർത്തനങ്ങളും ഈ വിദ്യാലയത്തിൽ നടന്നുവരുന്നു. ചെങ്ങളായി പഞ്ചായത്തിലെയും കണ്ണൂർ ജില്ലാ പഞ്ചായത്തിലെയും സഹായത്തോടെ പ്രവർത്തിക്കുന്ന ചുഴലി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഇനിയും ഉയരങ്ങൾ കീഴടക്കും എന്ന് പ്രതീക്ഷിക്കുന്നു.

Muraleedharan Mambronveettil

HM GHSS CHUZHALI

# School @ online.



# അതിജീവനത്തിന്റെ പാതകൾ

*ഇന്ന് കേരളപിറവിദിനം ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്നകേരളം. മനോഹരമായ ഭൂപ്രകൃതിയുടെ ഇടം കൂടിയാണ്.'കേരളം' എന്നത് കേരം നിരന്നുനിൽക്കുന്ന നാട് എന്നർത്ഥം . പണ്ട് കേരളം പല ഭാഗത്തായിവിഭജിച്ചു നിന്നതായിരുന്നു പിന്നീടത് ഒന്നായി കേരളമായി മാറി ചേരരാജാവ് ഭരിച്ചിരുന്നതിനാൽ കേരളത്തിന് പണ്ട് ചേരളം എന്നും പേരുണ്ടായിരുന്നു . പിന്നീട് അത് കേരളമായി മാറി എന്നും വാദമുണ്ട്.*

*കേരളം എന്നത് ഒരു നാടല്ല . അത് മലയാളികളുടെ വികാരമാണ്, ആത്മാവാണ്, അമ്മയാണ് . നമ്മൾ കുട്ടിക്കാലത്തു അമ്മയിൽനിന്നും നുകരുന്ന മുലപ്പാൽ പോലെയാണ് കേരളത്തിന്റെ ഭാഷയായ മലയാളം . അമ്മയുമായി ഇടപെടാനുള്ള ഒരു കുട്ടിക് അമ്മയെ മറക്കാനാവില്ല അത് പോലെയാണ് മലയാളം ഭാഷയും.*

*പണ്ടുകാലത്ത് കേരളം ജാതിയുടെയും നിറത്തിന്റെയും പേരിൽ താഴ്ന്നസമുദായത്തിലുള്ള ജനങ്ങളെഅപമാനിച്ചിരുന്നു .അക്കാലത്തു ജാതീയരുടെ പേരിൽ സ്ത്രീകളും ഒരു പാട് ചൂഷണങ്ങൾ അനുഭവിക്കേടിവന്നു .സ്ത്രീകൾ മാർ മറക്കാൻ പാടില്ല ,താഴ്ന്നസമുദായത്തിലുള്ള സ്ത്രീകൾ ക്ഷേത്രത്തിൽ പ്രവേശിക്കാൻ പാടില്ല എന്നതോക്കെയായിരുന്നു സ്ത്രീകൾ അനുഭവിക്കേടിവന്ന ചൂഷണങ്ങൾ. കേരളത്തിലെ സമുദായക്കാരുടെ ഈ അവസ്ഥകണ്ട ശ്രീനാരായണഗുരു ,വാഗ്ഭടാനന്ദഗുരു , ചട്ടമ്പിസ്വാമികൾ ,സഹോദരൻ അയ്യപ്പൻ , അയ്യൻകാളി,എന്നീ നവോഥാന നായകർ താഴ്ന്ന സമുദായക്കാർക് തുല്യ നീതിയും ,അവകാശങ്ങളും നൽകി.കേരളത്തിലെ ജാതീയാസമത്വം തുടച്ചുമാറ്റിയത് ഇവരാണ് .ഇവരുടെ പ്രീയത്നഫലമായി കേരളം ഒരു പുതു കേരളമായി മാറി .*

*അപ്രതീക്ഷമായി വന്ന പ്രളയത്തെപ്പോലും കേരളം അതിജീവിച്ചു .പ്രളയത്തിന്റെ കെടുതികളിൽ നിന്ന് കരകയറണമെങ്കിൽ കേരളത്തിന്റെ പുനര്നിര്മ്മിതി ആവശ്യമാണ്. അതിനാൽ നാം ഓരോരുത്തർക്കും കൈ കോർക്കാം .......*

*by*

*shemeena.p.k*

*9B*



# First Shower...

As I returned from my work place

cool drops kissed my parched face.

soon the first showers caught me unawares

And soaked me, soothing my frayed nerves.

The weary lines did it promptly erase .

Of day long beat and faligue from my visage.

Wet clothes clung to my body like an infant.

To its mother's bosom: unsteady my gait.

The dusty trees stood bathed in an instant

dressed in washed green looked magnificent.

The scented earth resplendent in dampened glory.

Suked in dust giving respite  to the travellers weary

To thank the Rain god I  looked up in the sky .

More drops drenched me on the sky.

Marvelling at this wonderful gift of nature

I hurried bome wading through the  gurglingwater.

By
Adwaith.u
8A

# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യായി നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി:

Ashfana c.h
*9B*

# പുനർ ജനി

ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ , മറ്റു ടീച്ചർമാരെ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ ,

ഇന്ന് നവംബർ 1 കേരളപ്പിറവിദിനം . ആദ്യമായി എല്ലാവർക്കും എന്റെ കേരളപ്പിറവിദിനാശംസകൾ നേരുന്നു . നവകേരളം എന്ന വിഷയത്തെക്കുറിച്ച് നിങ്ങളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു . ഏറ്റവുംവലിയ ഒരു പ്രളയത്തിന് ശേഷം പുനർ ജനിച്ച കേരളത്തിന്റെ ഒന്നാം ജന്മദിനമാണിന്ന്.

1950 നവംബർ ഒന്നിനാണ് കേരളസംസ്ഥാനം നിലവിൽവന്നത്. കേരളമെന്നത് വളരെ മനോഹരമായ ഒരു സംസ്ഥാനമാണ്. ഈ കേരളത്തിൽ ജനിക്കാൻ കഴിഞ്ഞത് നമ്മുടെ ഓരോരുത്തരുടെയും ഭാഗ്യമാണ്. കേരം തിങ്ങിയനാടാണ് കേരളം . പച്ചപ്പ് നിറഞ്ഞ ഹരിതാഭമായ ഒരു സ്ഥലമാണ് കേരളം . കേരളത്തെക്കുറിച്ച് വർണിക്കാത്ത ഒരു കവികൾ പോലും ഇല്ല .

എന്നാൽ , നമ്മുടെ ഇന്നത്തെ കേരളം വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്. അപകടകരമായ ഒരു വലിയ ദുരന്തം നാം കേരളീയർ നേരിട്ട് കഴിഞ്ഞു . എന്നാൽ,നാം കേരളീയർ ആ ദുരന്തത്തെ നമ്മാൽകഴിയുന്ന വിധം അതിജീവിച്ചുക്കഴിഞ്ഞു .

പ്രളയത്തിന് ശേഷം ദുരന്തഭൂമിയായ നമ്മുടെ കേരളത്തെ ഒരു പുതിയ കേരളമാക്കി മാറ്റാൻ നമുക്ക് ഓരോരുത്തർക്കും ഒരുമിച്ച് കൈകോർക്കാം .

ദൈവത്തിന്റെ സ്വന്തം നാടായ കേരളം , നമ്മുടെ അഭിമാനമാണ്. ഒന്നിച്ച് മുന്നേറാം നവകേരളത്തിനായി .

നവകേരളത്തിനായി , നാളേയ്ക്ക് ഒരു പുതിയ കേരളത്തിനായി നമുക്ക് ഒരുമിച്ച് കൈകോർക്കാം .

ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു . നന്ദി .

ശ്രീഷ്മ . എ . വി
9-A

# URDU

## اردو

دل کشی ہے بولنے میں میرے پیارے زبان
اردو ہے جس کا جگہ ہے سارے دنیا میں

دل میرے اپنے دھوم ہے جس پر
ہرطرف ہے جو موسقی زبان

من میرا بھرنا سرسید حالی وہ
اب کیرل میں آیا علی گڈ کے بہار



دل میں چڑھا گی میرے زبان کے ہوش
اس کے سوا نہی میرے ہر خوشی

دل کش ہے میرے زبان
محفل کی پیارے زبان

Sameer
GHSS Chuzhali Kannur

# ICT Education

آئی۔سی۔ٹی۔ ت



# ഗാന്ധിസാഹിത്യസംഗ്രഹം

ഞാൻ നിങ്ങൾക്കൊരു മാതൃകസൂക്തം തരാം.നിങ്ങൾ സംശയഗ്രസ്തരാകുമ്പോളോ അഹന്ത നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.

നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച ഏറ്റവും ദരിദ്രനായ മനുഷ്യന്റെ മുഖം സങ്കല്പ്പിച്ചു നോക്കുക,എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെകിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക.അത്കൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ?അതയാൾക്ക് അയാളുടെ ജീവിതഭാഗദേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കി കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ നമ്മുടെ നാട്ടിൽ ആധ്യാത്മികമായും,ശാരീരികമായും പട്ടിണി കിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?
അപ്പോൾ സംശയങ്ങൾ ഇല്ലാതാകുന്നതുമായും അഹന്ത അലിഞ്ഞു പോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.

(ഗാന്ധിജി)

SAFNA PV
9A

# പ്രളയം

വളരെ മനോഹരമായ ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന നാടാണ് കേരളം. നാല്പതിനാൽ നദികളാൽ സമൃദ്ധമാണ് കേരളം.

എന്നാൽ ഇന്ന് വലിയൊരു നഷ്ടം തന്നെ കേരളത്തിനുണ്ടായിരിക്കുന്നു. കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത അതിഭീകരമായാ പ്രളയം. ആ പ്രളയത്തിൽ പലർക്കും സ്വന്തം ജീവനും വീടും എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. കുട്ടികളുടെ പാഠപുസ്തകം മഴയിൽ കുതിർന്ന് ഉബയോക ശൂന്യമായിരിക്കുന്നു. വളരെ കഷ്ടതയിലാണ് ഇപ്പോൾ കേരളംനീകികൊണ്ടിരിക്കുന്നത്.

നദികൾ കരകവിന്നൊഴുകുന്നു . പല ഡാമുകളും നിരന്നതിനാൽ വെള്ളം പുറത്തേക്കൊഴുകി വിടുന്നു. ഏറ്റവും വിസ്തീർണ്ണമുള്ള ഡാമായ മുല്ലപെരിയാർ പോലും ഇന്ന് നിരന്നൊഴുകുന്നു. നമ്മൾ ഇത്രയു നാല് കൺടുകൊണ്ടിരുന്നത് വളരെ ഭീതിജനകമായ ഒരു കാഴ്ച ആയിരുന്നു.

പലരും ഇന്ന് ദുരിദ്വാശ്വാസക്യാമ്പുകൾ നിന്ന് മടങ്ങാനാവാതെ കഴിയുകയാണ്. എന്നാൽ മടങ്ങിയവരാകട്ടെ വീടുകൾ വൃതിയാക്കാൻ കഴിയാതെ സങ്കടത്തിലാണ്. എങ്കിലും ഇപ്പോൾ മഴയും വെള്ളവുമെല്ലാം ശമിച്ചിരിക്കുന്നു.

നമ്മൾ ഇതുകണ്ടുനിൽക്കുകയല്ല വേണ്ടത്, നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ നാം ചെയ്യണം. ദുരിദ്വാശ്വാസ പദ്ധതിയോട് പൂർണമായും സഹകരിക്കണം. ഓരോ സ്ഥാപനങ്ങളിൽ നിന്നും പല രീതികളിൽ സഹായങ്ങൾ എത്തിയിരുന്നു. കേരളത്തിലുള്ള ജനങ്ങളുടെ സ്നേഹവും ആത്മാർത്ഥതയും ഈ അവസരത്തിലാണ് നാം പ്രയോഗിക്കേണ്ടത്. ഇത്രയും നാൾ നാം പുച്ഛിച്ച തള്ളിയ മൽസ്യ തൊഴിലാളികളാണ് ഈ അവസരത്തിൽ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ തുണയായത്. പുതിയൊരു കേരളത്തെ ഉയർത്തി കൊണ്ടുവരാൻ നമുക്കു സാധിക്കും. ജനങ്ങൾ എല്ലാവരും കൈ കോർത്തുനിൽക്കണം. പുതിയൊരു നവകേരളസൃഷ്ടിക്കായ് നമുക്കേവർക്കും കൈ കോർക്കാം..

ജയ്ഹിന്ദ്

ANJITHA KV
9B

# നവകേരള സൃഷ്ടിക്കായി

കേരനിരകളാടുന്ന , മാനം മയിലും ചാഞ്ചാടുന്ന സുന്ദരമായ നാടാണ് നമ്മുടെ കേരളം . 1956 കേരളസംസ്ഥാനം രൂപം കൊണ്ടു. എന്ന വടക്ക് കാസർഗോഡ് മുതൽ തെക്ക് തിരുവനന്തപുരം വരെ ആകെ 14 ജില്ലകളുണ്ട് കേരളത്തിൽ . പുഴയും, മാലയും ,കുന്നും,കടുംനിറഞ്ഞ കുറെ പച്ചപ്പും പുല്മേടുകളുമായുള്ള നമ്മുടെ ഈ കെരളം എത്ര സുന്ദരമാണ് . സൗദര്യം എന്ന പറഞ്ഞാൽ കേരളമാണ് . കെജ്രിത്തിൽ ജനിച്ചുവളർന്നതും കേരളത്തെ അറിയുന്നതുമായ ഒരു കവി പോലും കേരളത്തെ കുറിച്ച് ഒരു വാരി പോലും അഴുതാതിരുന്നിട്ടുണ്ടാവില്ല .കേരളത്തിന്റെ സൗദര്യം ലോകത്തെ ആകെയുള്ള മനുഷ്യ മനസ്സിനെയും പുളകം കൊള്ളിക്കുന്നതാണ്. മലയാളം നമ്മുടെ മാതൃഭാഷയാണ് . ഇന്ത്യൻ ഭരണ ഘടനയിൽ മലയാളം ഭാഷയിൽ
എട്ടാംസ്ഥാനത്താണ് നിൽക്കുന്നത് .ഇത്രയും ചെറിയ സംസ്ഥാനത്തിലെ കുറച്ച മനുഷ്യർമാത്രം സംസാരിക്കുന്ന ഭാഷയാണെങ്കിൽ കൂടി മലയാള ഭാഷയുടെ പരിശുദ്ധി മറ്റു ഭാഷക്കാരുടെ മനസ്സിലും നിറഞ്ഞുനിൽക്കുന്നു .

സുന്ദരവും സുശീലവുമായ കേരളഭാഷ ഇന്ന് നഷ്ട്ടമായിക്കൊണ്ടിരിക്കുകയാണ്. അതിന്
ഉത്തമ ഉതാഹരണമാണ് ഈ കഴിഞ്ഞ മാസങ്ങളിൽ നാം നേരിട്ട പ്രളയം . ഇതിനു കാരണം നാം തന്നെയാണ് .അതിനു തിരിച്ചടിയായി കേരളം നമ്മുടെ പകരം ചോദിക്കുന്നു .നാം എന്ത് ചെയ്യുന്നുവോ അതുതന്നെയാണ് നമുക്ക് തിരിച്ചുകിട്ടുന്നത് . നാം നമ്മുടെ കേരളത്തെ എത്രത്തോളം സംരക്ഷിക്കുന്നുവോ അത്രത്തോളം ഭൂമി നമ്മളെയും സംരക്ഷിക്കുന്നു .കേരളം എന്ന് കേട്ടാൽ നാം അഭിമാനിക്കണം .കേരളം അമ്മയുടെ ഉയർച്ചയിൽ നാം അഭിമാനിക്കുകയും തളർന്നു പോകുമ്പോൾ എഴുന്നേൽപ്പിക്കുകയും വേണം .

സമസ്തസുന്ദരമായ ഒരു നല്ല നവകേരളം സൃഷ്ടിക്കേണ്ടത് നമ്മുടെ കടമയാണ് . അത് ഒരു സ്വപ്നം മാത്രമാകരുത് .നവകേരളം സൃഷ്ടിക്കണം .അടുത്ത കേരളപ്പിറവി ദിനത്തിൽ ഒരു സുന്ദരമായ കേരളം നമ്മുടെ മുന്നിലുണ്ടാവാൻ നമുക്ക് പ്രയത്നിക്കാം.....

by

safeeda m.p
9B

# ഉബുണ്ടു

***ട്ടിലിനക്സ്*** ആധാരമാക്കി നിർമ്മിച്ചിരിക്കുന്ന ഒരു സ്വതന്ത്ര കമ്പ്യൂട്ടർ ***ഓപ്പറേറ്റിങ് സിസ്റ്റമാണ്*** **ഉബുണ്ടു** . ***ദക്ഷിണാഫ്രിക്കൻ*** വ്യവസായിയായ ***മാർക്ക് ഷട്ടിൽവർത്തിന്റെ*** നേതൃത്വത്തിലുള്ള ***കാനോനിക്കൽ ലിമിറ്റഡ്*** എന്ന കമ്പനിയാണ് ഉബുണ്ടു സ്പോൺസർ ചെയ്യുന്നത്.

ലളിതമായ ഇൻസ്റ്റലേഷനും ഉപയോഗക്ഷമതയുമുള്ള തുടർച്ചയായി നവീകരിക്കുന്ന, സ്ഥിരതയുള്ള ***ഓപ്പറേറ്റിങ് സിസ്റ്റമാണ്*** ഉബുണ്ടു. ,

***ഓപ്പൺ സോഴ്സ്*** അനുമതിയുള്ള വിവിധ സോഫ്റ്റ്‌വേർ പാക്കേജുകൾ ഉപയോഗിച്ചാണ് ഉബുണ്ടു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. GNU General Public License ആണ് പ്രധാന അനുമതി, ഒപ്പം തന്നെGNU Lesser General Public License ഉപയോഗിച്ചിട്ടുണ്ട്. ഇത് ഉപയോക്താക്കൾക്ക്, ഉബുണ്ടു പ്രവർത്തിപ്പിക്കാനും, വിതരണം ചെയ്യാനും, പകർത്താനും, മാറ്റം വരുത്താനും, പഠനങ്ങൾ നടത്താനും, വികസിപ്പിക്കാനും, അഴിച്ചുപണിയാനുമുള്ള അവകാശം നൽകുന്നു. കാനോനിക്കൽ ലിമിറ്റഡ് ആണ് ഉബുണ്ടുവിനായി പണം മുടക്കുന്നതെങ്കിലും, ഉബുണ്ടുവിനെ ***സ്വതന്ത്ര സോഫ്റ്റ്‌വേറായി***നിർവ്വചിച്ചിരിക്കുന്നതിനാൽ സമൂഹത്തിലുള്ള വിദഗ്ധരുടെയും അവിദഗ്ധരുടെയും സേവനവും പ്രയോജനപ്പെടുത്താൻ കഴിയുന്നു. ഉബുണ്ടു വിൽക്കുന്നതിനു പകരം ഉബുണ്ടുവിനാവശ്യമായ സേവനങ്ങളും ***സാങ്കേതികസഹായവും*** പണം വാങ്ങി നൽകുന്നതുവഴിയാണ് കാനോനിക്കൽ പണം ശേഖരിക്കുന്നത്.

# ദൈവത്തിന്റെസ്വന്തം നാട്

1956 നവംബർ ഒന്നിന് കേരളസംസ്ഥാനം രൂപംകൊണ്ടു.ആദ്യകാലങ്ങളിൽ കേരളത്തിൽ അഞ്ച് ജില്ലയിൽ മാത്രമാമണുണ്ടായിരുന്നത്. എന്നാൽ ഇന്ന് കേരളത്തിൽ പതിന്നാൽ ജില്ലകളാണുള്ളത്. ദൈവത്തിന്റെ

സ്വന്തംനാട് എന്നറിയപ്പെടുന്ന കേരളം മലകളാലും, പുഴകളാലും,വയലുകളാലുംസമൃദ്ധമായിരുന്നു. അതുകൊണ്ടുതന്നെവിദേശികളുടെഇഷ്ട സ്ഥലങ്ങൾക്കുടിയായിരുന്നു കേരളം.

44 നദികൾ നിറഞ്ഞതാണ് കേരളം. പടിഞ്ഞാറ് അറബിക്കടലും കിഴക്ക് പശ്ചിമഘട്ട മലനിരകളും . കേരളത്തിന്റെ മനോഹാരിതകളെക്കുറിച്ച് പാടിപ്പുകഴ്ത്താത്ത ഒരു കവി പോലുമില്ല . മനുഷ്യന്റെ ചില പ്രവൃത്തികൾകാരണം കേരളത്തിന്റെ പച്ചപ്പ് നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുകയാണ്.

ചേര രാജക്കന്മാർ ഭരിച്ചിരുന്ന നാടായതിനാൽ ചേരളം എന്നും ,അതാണ് പിന്നീട് കേരളമായി മാറിയതെന്നും, കരുതപ്പെടുന്നു. കേരളത്തിന്റെ 62-)ം പിറന്നാൾ ആഘോഷിക്കുന്ന

ഇന്ന് കേരളത്തിലെ ജനങ്ങളും സർക്കാരും നവകേരളം പടിത്തുയർത്താനുള്ള തിരക്കിലാണ് . രാജ്യം കണ്ടതിൽ വച്ച് ഏറ്റവും വലിയ ദുരന്തത്തേയാണ് കേരളം നേരിട്ടത് . കാലവർഷത്തിൽ പെയ്ത ശക്തമായ മഴയിൽ കേരളത്തിലെ നദികൾ കരക്കവിഞ്ഞൊഴുകുകയും നിരവധി പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിച്ചു . വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടു . റോഡും തോടും ഏതെന്നുപോലും അറിയാൻ കഴിയാത്ത അവസ്ഥ . മനുഷ്യൻ പ്രകൃതിയോട് ചെയ്തവയെല്ലാം പ്രകൃതി പ്രളയത്തിന്റെ രൂപത്തിൽ തിരിച്ചേൽപിച്ചു.

കരസേനയും , നാവികസേനയും, വ്യോമസേനയും, യുവാക്കളും, ഭരണാധികാരികളും ഒരുമിച്ച് നിന്ന് രക്ഷപ്രവർത്തനങ്ങൾ നടത്തുകയും നിരവധി ജീവനുകൾ രക്ഷിക്കുകയും ചെയ്തു . എല്ലാവരും പ്രളയത്തെ അതിജീവിച്ചുകൊണ്ടിരിക്കുകയാണ്.

ഈ കേരളപ്പിറവി ദിനത്തിലും ആഘോഷങ്ങൾ ഒഴിവാക്കി ജനങ്ങൾ തങ്ങളുടെ സ്വന്തം നാടിനെ തിരിച്ചു പിടിക്കാനുള്ള ശ്രമത്തിലാണ്. ഇനിയൊരു ദുരന്തത്തെ താങ്ങാനുള്ള കരുത്ത് കേരളത്തിനില്ല . അതുകൊണ്ടുതന്നെ അതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാതിരിക്കുക. നവകേരളത്തിന്റെ സൃഷ്ടിയിൽ പങ്കാളിയാകുക.

നേഹ രമേഷ്

9-A

# സി .വി  ശ്രീരാമൻ

*(1933-2007)*

*തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു. കഥാകൃത്, രാഷ്ട്രീയ പ്രവർത്തകൻ, അഭിഭാഷകൻ, കേരളാ സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നി പദവികൾ വഹിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡണ്ടായിരുന്നു. വാസ്തുഹാര, ക്ഷുരസ്യധാര, ഓർമ്മച്ചെപ്പ്, തീർത്ഥക്കാവടി, ദുംഖിദറുടെ ദുഃഖം, പുറംകാഴ്ചകൾ, ചക്ഷുശ്രുവണകളാസ്റ്റമം തുടങ്ങി പലതരം കൃതികൾ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു.*

*fida k*
*9.A*

# നവകേരളം

നവകേരളം സൃഷ്ടിക്കാൻ നമുക്ക് ചെയ്യാൻ ഒരുപാട് കാര്യങ്ങളുണ്ട്.കാറ്റിലും,മഴയിലും കടപുഴകിയും ഒടിഞ്ഞും ഒരുപാട് മരങ്ങൾ നഷ്ട്ടപെട്ടു.അവയൊക്കെ സംരക്ഷിച്ചു നിർത്താൻ നമുക്ക് കഴിയണം.കൂടുതൽ മരങ്ങൾ പരിസരങ്ങളിൽ നട്ടുപിടിപ്പിക്കാൻ നമുക്ക് കഴിയണം.തടയണകൾ കെട്ടി വെള്ളം സംഭരിക്കാം,പക്ഷെ കോൺക്രീറ്റ് തടയണകൾ അതിനൊരു പരിഹാരമല്ല.പ്രകൃതി ജന്യവസ്തുക്കൾ ഉപയോഗിക്കാൻ നാം ശ്രമിക്കണം.മഴവെള്ളം താഴ്ന്നിറങ്ങുന്ന വയലുകളും,കുന്നുകളും ഇടിച്ചുനിരത്തിയത് തന്നെയാണ് ഇതുപോലെ പ്രകൃതിദുരന്തങ്ങളുടെ പ്രധാന കാരണം.അദനികൃതമായി ഭൂമികേയ്യേറ്റം ചെയ്തു അവിടം കരിങ്കൽ ക്വാറികളാക്കി മാറ്റുന്നതും ഇതിന് കാരണമാകുന്നു.

നല്ലൊരു കേരളവും നല്ലൊരു ജനതയും നമുക്കുണ്ടാകണം. അതിന് എല്ലാവരും ഒറ്റകെട്ടായി ഒരുമിച്ച് മുന്നേറണം....

# നവകേരള നിർമ്മിതി

നവംബർ 1,കേരളപ്പിറവി ദിനം.  ഇന്ന് കേരളം 62ാം പിറന്നാൾ ആഘോഷിക്കുന്നു.1956 നവംബർ 1 നാണ് കേരളം നിലവിൽ വന്നത്.ഭാഷാ അടിസ്ഥാനത്തിലാണ് കേരളം രൂപം കൊണ്ടത്.

മലയാളഭാഷ കേരളത്തിൽ 5 ജില്ലകളിലാണുണ്ടായിരുന്നത്.ഇപ്പോൾ 14 ജില്ലകളിലായി മാറി.ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ 44 നദികളുണ്ട്.

ഈയിടെയുണ്ടായ കനത്ത മഴയിലും രൂക്ഷമായ വെള്ളപ്പൊക്കത്തിലും നാടിന്റെ മുഖച്ഛായ മാറി. പ്രളയം തകർത്ത നാടിനെ വീണ്ടെടുക്കേണ്ടത് നമ്മുടെ കടമയാണ്. നമ്മൾ ശ്രമിക്കേണ്ടത് നവകേരള സൃഷ്ടിക്കായാണ്.

ചേരരാജാക്കന്മാർ ഭരിച്ചതിനാൽ ആദ്യം കേരളം ചേരളം എന്നാണ് അറിയപ്പെട്ടിരുന്നത്.എന്നാൽ പിന്നീടത് കേരളം എന്നായി മാറി.കേരളത്തിന്റെ

ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാടാണ്.

കേരളത്തിന്റെ സ്വന്തം ഭാഷയാണ് മലയാളം. മലയാള ഭാഷയുടെ പിതാവ് എഴുത്തച്ഛനാണ്.ഭരണ ഘടനയിൽ 8ാം സ്ഥാനത്താണിത്.മലയാളകവിതക-ൾ വളരെ മനോഹരമാണ്.വെണ്ണിക്കുളം ഗോപാലക്കുറിപ്പും വള്ളത്തോളും പ്രധാന കവികളാണ്

വളരെ വ്യത്യസ്തമാണ് ഭാഷയും വേഷവും സംസ്കാരവും.

എന്നാൽ ഇന്ന് കേരളത്തിന് നഷ്ടപ്പെട്ടുപോയ മുഖം വീണ്ടെടുക്കണം.നഷ്ടപ്പെട്ടുപോയ സമ്പത്ത് വീണ്ടെടുക്കണം. നമ്മുടെനാടിന്റെ ഉയർച്ചയാണ് നാമോരൊരുത്തരുടെയും ഉയർച്ച.വളർന്നുകൊണ്ടിരിക്കുന്ന കേരളത്തെ നമുക്ക് ഒന്നുകൂടി ഉയർത്താം . നവകേരളം സൃഷ്ടിക്കാം. ഒത്തൊരുമിച്ച് നാം ഓരോരുത്തർക്കും നവകേരള സൃഷ്ടിക്കായി പോരാടാം.

*safa*

# ദൈവത്തിന്റെ സ്വന്തം നാട്

*ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം അതി- സുന്ദരവും വിവധ ഭാഷകൾ നിറഞ്ഞതും പല ജാതിമതസ്ഥരും ഉള്ളതുമായിരുന്നു.മനോഹാരിതയെ നശിപ്പിക്കാനെത്തിയ വിനാ ശമായിരുന്നു വെള്ളപ്പൊക്കം.*

*കണ്ടത്തിൽ വച്ച് ഏറ്റവും ഭീകരമായ പ്രളയത്തിന് നാം കേരളീയർ സാക്ഷികളായി.എന്നാൽ ഈ മഹാമാരിക്കൊന്നും കേരളത്തെ പൂർണമായും നശിപ്പിക്കാനായില്ല .ആളുകളുടെ പരസ്പ ര സഹായ മനോഭാവമാണ് കേരളത്തെ ദുരന്തത്തിൽ നിന്ന് കരക്കേറ്റിയത്.*

*ഈ വെള്ളപ്പൊക്കത്തിനും മഹാമാരിക്കും മുമ്പ് കേരളീയർ എങ്ങനെയായിരുന്നു? പരസ്പരം കൊല്ലും കൊലയും നടത്തി ജാതി മതത്തിന്റെ പേരിൽ വർഗീയത കാട്ടി ഇങ്ങനെയൊക്കെയാണെ- ങ്കിലും ആ പ്രളയത്തിനു ശേഷം 'നവ കേരളസ്രൃഷ്ടിക്കായ്' കേരളീ യർ ഒത്തൊരുമിച്ചു.കേരളീയരുടെ കൈകോർക്കലാണ് കേരള- ത്തെ പുതിയൊരു സ്രൃഷ്ടിയാക്കിമാറ്റിയത്*

*നവ കേരളസ്രൃഷ്ടിക്കായ് നമുക്ക് പലകാര്യങ്ങളും ചെയ്യാൻ സാധിക്കും .നമുക്ക് കഴിയുന്ന വിധത്തിൽ മഹാപ്രളയം നശിപ്പി- ച്ച ജീവിതങ്ങളെ പ്രാർത്ഥനയിലൂടെയും സാമ്പത്തികവും ശാരീരി കവുമായ വിധത്തിൽ സഹായിക്കാവുന്നതാണ്. നവ കേരള-*

സ്രഷ്ടിക്കായി വിദ്യാർത്ഥികളായ നമ്മെ സമ്പന്ധിച്ച് അധികം ഒന്നും ചെയ്യാൻ സാധിക്കില്ലെങ്കിലും അതിനായി പ്രാർത്ഥിക്കുക. കേരളത്തിനായി നാം കോർത്തകൈകൾ ഇനി ഒരിക്കലും വിട്ടു-പിരിയാൻ ഇടയാകരുത്.ഇനിയുള്ള പുതിയ കേരളം നമ്മുടെ കൈകളിലാണ് എന്ന് എപ്പോഴും ഓർക്കുക.കേരളത്തിന്റെ തനിമ നഷ്ടപ്പെടാതിരിക്കാൻ നാം ഓരോരുത്തരും വേണം ശ്രദ്ധിക്കാൻ.

പ്രളയത്തിൽ നിന്നും എല്ലാവരേയും രക്ഷിച്ച മത്സ്യത്തൊഴിലാളികളെ പ്രത്യേകമാം വിധത്തിൽ നാം ഏവരും ഓർക്കണം. പ്രളയം കേരളീയർക്ക് ഒരു പാഠം തന്നെയാണ്.ഈ അവസരത്തിലാണ് കേരളീയരുടെ ഐക്യം നമുക്ക് മനസ്സിലായത്.പ്രളയം വിനാശം വിതച്ചുവെങ്കിലും അത് കേരളീയരുടെ ഒത്തൊരുമയ്ക്ക് കാരണമായി.പ്രളയം ഒരേ സമയം കേരളത്തെ നശിപ്പിച്ചുവെങ്കിലും കേരളീയരുടെ കണ്ണുകൾ തുറപ്പിച്ചു.നമ്മുടെ ആ കണ്ണുകൾ ഇനി ഒരിക്കലും അടഞ്ഞുപോകാതിരിക്കട്ടെ.....

അപർണ തോമസ്

9B

# വിധി

അനു .....അനു.... അമ്മയുടെ ശബ്ദം അനുവിന്റെ കാതിൽ പതിച്ചു. പുതപ്പിനുള്ളിൽ നിന്നും  അനു തലയുയർത്തി ജനാലയക്കുള്ളിലൂ-ടെ പുറത്തേക്കുനോക്കി. തണുത്ത മഞ്ഞ് പൂന്തോട്ടമാകെ മൂടിയി-രിക്കുന്നു. അവൾ മുറ്റത്തേക്കോടി. പൂന്തോട്ടത്തിലെ മഞ്ഞിലേക്കി-റങ്ങി. മഞ്ഞുതുള്ളികൾ അവളുടെ കവിളിൽ പതിച്ചു. അതിനിടയിൽ അവൾ ചുവന്ന് തുടുത്ത പനിനീർ  വിടർന്നു നിൽക്കുന്നത് കണ്ട് അതിന്റെ അടുത്തേക്ക് ഓടിച്ചെന്നു. അത് തന്നെ നോക്കി പുഞ്ചിരിക്കുകയാണെന്ന് അവൾക്ക് തോന്നി. അവൾ അതിൽ മൃദുവായി തലോടി.

പെട്ടെന്നവളുടെ  ഓർമ്മകൾ മിന്നി . ഇന്ന് സ്കൂൾ തുറക്കുകയല്ലേ.......... രണ്ട് മാസത്തെ കാത്തിരിപ്പിനൊടുവിൽ ഇന്ന് സ്കൂൾതുറക്കുകയായി. അവൾ അടുക്കളയിലെക്കോടി. അമ്മേ, ഇത്തിരി നേരത്തെ എന്നെ ഉണർത്തിക്കൂടെ...സ്കൂളിൽ പോകണ്ടെ.ഓ...ഇപ്പോഴാണോ ഓർക്കുന്നത് പെട്ടെന്ന് പോയി റെഡിയാവൻ നോക്ക്.അമ്മ ഗൗരവത്തോടെ പറഞ്ഞു.പിന്നെ അവൾ പെട്ടെന്ന് കുളിച്ച് റെഡിയായി മേശപ്പുറത്ത് അമ്മ ഭക്ഷണം റെഡിയാക്കിയിരുന്നു. ആവേശത്തോടെ അവളത് കഴിച്ചു.അവളുടെ ചിന്ത മുഴുവനും സ്കൂളിലായിരുന്നു.അമ്മയോട് യാത്രപറഞ്ഞ് മുറ്റത്തേക്കിറങ്ങി.ഓരോ ചുവടും മുന്നോട്ട

വെക്കുന്തോറും അവളുടെ മനമാകെ സ്കൂളിന്റെ ദൃശ്യം അവൾ ടീച്ചറിനെ പറ്റിയും കുട്ടികളെപറ്റിയൊക്കെ ആലോചിച്ചു. ഇന്നു തന്നെ നല്ല സുഹൃത്തിനെ കണ്ടെത്തണം. അവളുമായി എല്ലാം പങ്കു വെയ്ക്കണം.നന്നായി പഠിക്കണം . അതൊക്കെയോർത്ത് അവളറിയാതെ പുഞ്ചിരിതൂകി നടന്നു.അവൾ ബസ്സിൽ കയറി .ആ യാത്ര അവൾക്ക് വളരെ രസകരമായി തോന്നി.ബസ്സിറങ്ങുമ്പോൾ അവിടെ ഉയർന്നു കിടക്കുന്ന സ്കൂൾ കവാടം കണ്ടു അതും ലക്ഷ്യം വച്ച് അവൾ റോഡിലേക്കിറങ്ങി.പുഞ്ചിരിതൂകികൊണ്ട് മെല്ലെ മെല്ലെ നടന്നു വരുന്ന അനുവിന് നേരെ വിധിയുടെ കരങ്ങൾ നീട്ടികൊണ്ട് അതുവഴി വന്ന ലോറി അവളെ തട്ടിമാറ്റി തുടിച്ചു പുഞ്ചിരി തൂകിയ അവളുടെ മുഖം ചതഞ്ഞരഞ്ഞു.അവിടമാകെ നിറഞ്ഞുനിന്നത് അമ്മേ...........എന്നൊരു മൃദുലമായ സ്വരം മാത്രം..............................

Fathimathul Fidha.c
9A

# മലയാള ചെറുകഥ

1889-ൽ വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ച
വേങ്ങയിൽ കുഞ്ഞിരാമൻനായനാർ എഴുതിയ വാസനാവികൃതി-
യാണ് മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥ.

വേങ്ങയിൽ കുഞ്ഞിരാമൻനായനാർ,ഒട്ടുവിൽ
കുഞ്ഞികൃഷ്ണമേനോൻ,മൂർക്കോത്തു കുമാരൻ, തുടങ്ങിയവരിലൂടെ
വളർന്ന മലയാള ചെറുകഥ പ്രസ്ഥാനം രൂപഭാവങ്ങളിൽ ഏറേ വൈവിധ്യം പുലർത്തുന്ന
തുന്നത്തെ എഴുത്തുകാരിലൂടെ അതിന്റെ ഏറ്റവും പുതിയ മുഖത്തെ പ്രതിനിധാനം
ചെയ്യുന്നു

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളുഇരുപതാം നൂറ്റാണ്ടിന്റെ
ആദ്യപാദങ്ങളും ഭാരതീയ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം -
വളർച്ചയുടെകാലഘട്ടമായിരുന്നു.യൂറോപ്യൻ സാഹിത്യത്തിൽ
നിന്നും നിരവധി സാഹിത്യരൂപങ്ങൾ ഭാരതീയ ഭാഷകളിലേയ്ക്കു
കടന്നുവന്നു.

ചെറുകഥ,നോവൽ ,നാടകം, ഭാവഗീതം,വിലാപകാവ്യം,ഖണ്ഡകാവ്യം എന്നിങ്ങനെ ആ
നിര
നീണ്ടുപോകുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളുഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളും
ഭാരതീയ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം - വളർച്ചയുടെകാലഘട്ടമായിരുന്നു.യൂറോപ്യൻ
സാഹിത്യത്തിൽ
നിന്നും നിരവധി സാഹിത്യരൂപങ്ങൾ ഭാരതീയ ഭാഷകളിലേയ്ക്കു
കടന്നുവന്നു.

shifana k

# സമാധാന സമൂഹം

*സമാദാന ലഹരിയിൽ തുള്ളിച്ചാടുന്ന*
*ഈ സമൂഹം.*
*ഒരേ ആത്മാവായി ഒരേ മനസായി*
*സന്തോഷ ലഹരിയിൽ ഉല്ലസിക്കുന്ന*
*ഈ ഗ്ലണ്ടൻ പെട്ടിയിലുള്ള*
*ജല കന്യകമാർ*
*ഇതിനുപരി പല വർണങ്ങളായാലും*
*പല വർഗ്ഗങ്ങളായാലും*
*ഒരുമിച്ച നിൽക്കുവിൻ ഈ മനസുകൾ*
*ഒരു ജലത്തിൽ വസിക്കുന്ന ഇവർ*
*ഒരുമയുടെ  ലോകത്തിൽ*
*മുങ്ങികുളിക്കുന്ന ഇവർ*
*ഒരേ ഭക്ഷണം  കഴിക്കുന്ന ഇവർ*
*ഇതിൽ നിന്ന് വേറിട്ട് നിൽ-*
*ക്കുവിൻ, അഹിംസ വിരുദ്ധരായ*
*ഈ മാനവർ എന്ന*
*സുസ്ത്തശാലികൾ.....*

*SIFA SHAREEF*
*9B*

# കമ്പ്യൂട്ടർ ഹാർഡ്‌വെയർ

*കാണാനും* , തൊട്ട് നോക്കാനും പറ്റുന്ന *കമ്പ്യൂട്ടറിന്റെ* ഭാഗങ്ങളെയാണ് കമ്പ്യൂട്ടർ ഹാർഡ്‌വെയർ എന്നു പറയുന്നത്. കമ്പ്യൂട്ടറിന്റെ അനുബന്ധഘടകങ്ങളായ ***കീബോർഡ്, മോണിറ്റർ, മൗസ്*** എന്നിവയും ഫ്ലോപ്പി ഡ്രൈവ്, സീഡി/ഡിവിഡി ഡ്രൈവുകൾ, മദർ ബോർഡ് തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്ന ക്യാബിനറ്റ് എന്നിവയും ഹാർഡ്‌വെയറിലുൾപ്പെടും.

ആദ്യകാല കംപ്യൂട്ടറുകൾ, അഥവാ ഡെസ്ക്ടോപ് കംപ്യൂട്ടറുകൾ വലിയ പ്രചാരം നേടിയിട്ടില്ലാത്ത സമയത്ത് വളരെ കുറച്ച് കംപ്യൂട്ടർ നിർമ്മാണ കമ്പനികൾ മാത്രം ഉണ്ടായിരിക്കുകയും അവർ ഓരോരുത്തരും അവരുടെതായ മാതൃകകളിൽ കംപ്യൂട്ടറുകൾ വിപണിയിലിറക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ഒരു കംപ്യൂട്ടർ കേടായാൽ ഘടകഭാഗങ്ങൾ മാറ്റി സ്ഥാപിക്കാനോ, അല്ലെങ്കിൽ ഉപഭോക്താവിന്റെ ആവശ്യത്തിനനുസരിച്ച് മെമ്മറി, മറ്റ് ഭാഗങ്ങൾ മാറ്റി സ്ഥാപിക്കാനോ വളരെ ബുദ്ധിമുട്ടായിരുന്നു. എന്നാൽ പേഴ്സണൽ കംപ്യൂട്ടറുകൾ വലിയ പ്രചാരം നേടിയതോടെ കൂടുതൽ കമ്പനികൾ ഇവയുടെ നിർമ്മാണത്തിലേക്ക് കടന്നുവരുകയും കംപ്യൂട്ടർ ഘടകഭാഗങ്ങൾ നിർമ്മിക്കുന്നതിൽ ഏകീകൃതമായ മാതൃകകൾ കൊണ്ടുവരികയും ചെയ്തു. അതായത് വിവധ കമ്പനികളുടെ ഘടകഭാഗങ്ങൾ പരസ്പരം മാറ്റിയിടാമെന്ന അവസ്ഥ. അതിന്റെ ഫലമായാണ് നാം ഇന്ന് കാണുന്ന തരത്തിൽ കംപ്യൂട്ടർ ഹാർഡ് വെയർ എന്നത് ഒരു ജോലിയോ, പഠനമോ ആയി പ്രചാരം നേടിയതും. ഹാർഡ്് വെയർ സംബന്ധമായ മറ്റ് സഹായങ്ങൾക്ക് Tech Mates എന്ന ഫേസ്ബുക്ക് ഗ്രൂപ്പിൽ സംശയങ്ങൾ പോസ്റ്റ് ചെയ്യാം. വെബ് വിലാസം. https://www.facebook.com/groups/1664774307081284/. ഫോണിലൂടെയും സംശയങ്ങൾക്ക് മറുപടി ലഭിക്കുന്നു. 9847165516

# കീബോഡ്



The 104-key PC US English QWERTY keyboard layout evolved from the standard typewriter keyboard with extra keys special to computing.




The Dvorak Simplified Keyboard layout, shown, arranges keys so that frequently-used keys are easiest to press. The typical QWERTY layout was designed to meet the technical limitations of mechanical typewriters rather than for ergonomics.



The standard Hebrew keyboard, shown here, lets the user type in both Hebrew and the Latin alphabet.

കമ്പ്യൂറിലേക്ക് വിവരങ്ങൾ ടൈപ്പുചെയ്ത് നൽകാനുള്ള ഉപകരണമാണ് **കീബോഡ്** .വ്യത്യസ്തമായ കീബോഡുകളിൽ ടൈപ്പ് റൈറ്ററിന് സമാനമായും അല്ലാതെയും കീകൾ ക്രമീച്ചിരിക്കുന്ന കീബോഡുകൾ ലഭ്യമാണ്.QWERTY കീബോഡുകളാണ് ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ളത്.


# പവർ കോഡ്

വൈദ്യുത ഉപകരണങ്ങൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതി എത്തിക്കുന്ന കേബിൾ (വിദ്യുത് ചാലകം) ആണ് **പവർ കോഡ്**. ഇത് വൈദ്യുതി സ്വിച്ച് ബോർഡിൽ നിന്ന് പ്ലഗ് പോയിന്റിലൂടെ വൈദ്യുത ഉപകരണങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നു. കമ്പ്യൂട്ടർ, മോണിറ്റർ, പ്രിന്റർ തുടങ്ങി വാഷിങ്ങ് മെഷീൻ, മിക്സർ ഗ്രൈൻഡർ, ടെലിവിഷൻ മുതലായ എല്ലാ ഉപകരണങ്ങളിലും പവർ കോഡ് ഉപയോഗിക്കുന്നു.



അലക്കുയന്ത്രത്തിൽ ഘടിപ്പിച്ചിരിക്കുന്ന പവർ കോഡ്, ജപ്പാനിലെ സോക്കറ്റിൽ ബന്ധിച്ചിരിക്കുന്നു

# ടി.വി. ട്യൂണർ കാർഡ്



ATI TV Wonder™ HD 650 Combo PCI Express®




Hauppauge WinTV ട്യൂണർ കാർഡ്



ഒരു ഡി.വി.ബി.-എസ് 2 ട്യൂണർ കാർഡ്

കമ്പ്യൂട്ടറിൽ ടെലിവിഷൻ തരംഗങ്ങൾ സ്വീകരിക്കുവാൻ പര്യാപ്തമാക്കുന്ന കമ്പ്യൂട്ടർ ഘടകമാണ് **ടിവി ട്യൂണർ കാർഡ്**. മിക്ക ട്യൂണറുകളും ടെലിവിഷൻ തരംഗങ്ങൾ ഹാർഡ് ഡിസ്കിലേക്ക് റെക്കോർഡ് ചെയ്യാൻ കഴിയുന്ന വിധത്തിൽ വീഡിയോ ക്യാപ്ചറിങ് കാർഡിന്റെ ഗുണങ്ങൾ കൂടിയുള്ളവയാണ്.

## പവർ സപ്ലൈ

ഒരു പൊതു ഉറവിടത്തിൽനിന്നും കിട്ടുന്ന വൈദ്യുതിയെ, അതാത് ഘടകങ്ങൾക്ക് വേണ്ട തരത്തിൽ മാറ്റിയെടുക്കുന്ന ഘടകത്തിനാണ് പൊതുവേ **പവർ സപ്ലൈ** എന്നു പറയുന്നത്. ഉദാഹരണമായി, വീടുകളിൽ ലഭ്യമാകുന്നത് 220V AC വൈദ്യുതി ആണ്. ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് വേണ്ടത് കുറഞ്ഞ വോൾട്ടേജിലുള്ള DC വൈദ്യുതി ആണ്. ഉപകരണങ്ങളുടെ അകത്തുതന്നെ ഉള്ളതോ പുറത്ത് പ്രത്യേകമായി ഉള്ളതോ ആയ ഒരു പവർ സപ്ലൈ ഉപയോഗിച്ച് വൈദ്യുതിയെ മാറ്റി എടുക്കുന്നു.



## മദർബോഡ്



മദർബോർഡ്

മാർഗ്ഗങ്ങളും പല എക്സ്പാൻഷൻ സ്ലോട്ടുകളും ഈ മദർബോഡ് പിന്താങ്ങുന്നു കമ്പ്യൂട്ടർ പോലുള്ള സങ്കീർണ്ണങ്ങളായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ പ്രധാന ഘടകങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വ്യത്യസ്ത സർക്യൂട്ടുകൾ അടങ്ങിയ ഒരു പ്രിന്റഡ് സർക്യൂട്ട് ബോർഡാണ് (P.C.B) മദർബോഡ്. ഇതിനെ മെയിൻ ബോഡ് എന്നും വിളിക്കാറുണ്ട്.

# മോണിറ്റർ ദൃശ്യ സാങ്കേതിക വിദ്യകൾ



19" ഇഞ്ച് (48.3 സെ.മീ ട്യൂബ്, 45.9 cm ദൃശ്യഭാഗം) സി.ആർ.ടി. കമ്പ്യൂട്ടർ മോണിറ്റർ

ടെലിവിഷനിലെന്ന പോലെ, കമ്പ്യൂട്ടർ പുറപ്പെടുവിക്കുന്ന ഔട്ട്പുട്ട് പ്രദർശിപ്പിക്കുന്നതിനു വിവിധ ഹാർഡ്‌വെയർ സാങ്കേതികവിദ്യകൾ നിലവിലുണ്ട്.

- ലിക്വിഡ് ക്രിസ്റ്റൽ ഡിസ്‌പ്ലേ എൽ.സി.ഡി. എന്ന ചുരുക്കപേരിൽ ഇവ അറിയപ്പെടുന്നു. ഇന്ന് കമ്പ്യൂട്ടർ ഡിസ്‌പ്ലേകളിൽ ഏറ്റവും ജനപ്രിയം എൽ.സി.ഡി.കൾക്കാണ്. ഇവ വളരെ കനം കുറഞ്ഞതും കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നതിനാൽ ബാറ്ററി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന വൈദ്യുതോപകരണങ്ങളിൽ ഇവ പ്രയോജനപ്പെടുത്താറുണ്ട്.
- കാഥോഡ് റേ ട്യൂബ് (സി.ആർ.ടി)
  - വെക്ടർ ഡിസ്‌പ്ലേകൾ.
  - ടെലിവിഷൻ റിസീവറുകളായിരുന്നു ആദ്യകാലത്തെ മിക്ക പേഴ്സണൽ, ഹോം കമ്പ്യൂട്ടറുകളിലും ഉപയോഗിച്ചിരുന്നത്. കോമ്പൊസിറ്റ് വീഡിയോ ഒരു ടെലിവിഷൻ മോഡുലേറ്റർ ഉപയോഗിച്ച് ടെലിവിഷനിലേയ്ക്ക് ബന്ധിപ്പിച്ചായിരുന്നു പ്രവർത്തിപ്പിച്ചിരുന്നത്. ദൃശ്യ ഗുണനിലവാരം കൂടുതൽ സ്റ്റെപ്പുകൾ ഉപയോഗിച്ച് ഇപ്രകാരം കുറച്ചിരുന്നു: കോമ്പൊസിറ്റ് വീഡിയോ → മോഡുലേറ്റർ → ടി.വി ട്യൂണർ → കോമ്പൊസിറ്റ് വീഡിയോ.
- പ്ലാസ്മാ ഡിസ്‌പ്ലേ
- പ്ലാസ്മ-കണ്ടക്ഷൻ ഇലക്ട്രോൺ-എമിറ്റർ ഡിസ്‌പ്ലേ (എസ്.ഇ.ഡി)
- വീഡിയോ പ്രൊജക്ടർ – എൽ.സി.ഡി, സി.ആർ.ടി, തുടങ്ങിയ സാങ്കേതിക വിദ്യകൾ കൊണ്ട് നിർമ്മിച്ചവ. അടുത്തകാലത്തായി വന്ന വീഡിയോ പ്രൊജക്റ്ററുകൾ മിക്കവാറും എൽ.സി.ഡി. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാണ്.

- ഓർഗാനിക് ലൈറ്റ്-എമിറ്റിങ്ങ് ഡയോഡ് (ഒ.എൽ.ഇ.ഡി) ഡിസ്പ്ലേ

## സെൻട്രൽ പ്രോസസിങ് യൂണിറ്റ്

- കമ്പ്യൂട്ടർ പ്രോഗ്രാമിലെ നിർദ്ദേശങ്ങൾ പ്രവർത്തിപ്പിക്കുന്ന കമ്പ്യൂട്ടർ ഭാഗമാണ് **സെൻട്രൽ പ്രോസസിങ് യൂണിറ്റ്** അഥവാ **സി.പി.യു.** ലളിതമായി **പ്രോസസർ** എന്ന പേരിലും അറിയപ്പെടുന്നു. മിക്ക കമ്പ്യൂട്ടറുകളിലും ഒറ്റ ഐ.സി. ചിപ്പിൽ ഒതുക്കിയ രൂപത്തിലായിരിക്കും സി.പി.യു. കാണപ്പെടുക. ഇത്തരം ചിപ്പുകളാണ് മൈക്രോപ്രോസസറുകൾ. കമ്പ്യൂട്ടർ പ്രോഗ്രാമിലെ ഗണിത-താരതമ്യ-ഇൻപുട്ട്/ഔട്ട്പുട്ട് ക്രിയകൾ പ്രാവർത്തികമാക്കുക എന്നതാണ് സി.പി.യുവിന്റെ അടിസ്ഥാനധർമ്മം. മനുഷ്യന് തലച്ചോറെന്നതിനു സമാനമായ പ്രവർത്തനമാണ് കമ്പ്യൂട്ടറിൽ സി.പി.യുവിനുള്ളത്. സി.പി.യു. എന്നത്, കമ്പ്യൂട്ടർ വ്യവസായത്തിൽ 1960-കളുടെ തുടക്കം മുതൽക്കേ ഉപയോഗിച്ചു വരുന്ന പദമാണ്.[1] സി.പി.യുവിന്റെ രൂപവും, രൂപകൽപ്പനയും, പ്രത്യക്ഷവൽക്കരണവും അന്നത്തേതിൽ നിന്നും ഏറെ വ്യത്യസ്തമായെങ്കിലും ഇതിന്റെ അടിസ്ഥാനധർമ്മം ഇപ്പോഴും പഴയതുതന്നെയാണ്. ഇതിന്റെ വേഗത, വലിപ്പം, പ്രവർത്തനരീതി എന്നിവയിൽ കാലത്തിനനുസരിച്ച് പല മാറ്റങ്ങളും വന്നിട്ടുണ്ട്.
- 

# സൗണ്ട് കാർഡ്

- സൗണ്ട് കാർഡ് (ഓഡിയോ കാർഡ് എന്നും അറിയപ്പെടുന്നു) കംപ്യൂട്ടറിനുള്ളിലുള്ള ഒരു എക്സ്പാൻഷൻ കാർഡ് ആണ്. ഇത് ഒരു പ്രോഗ്രാമിന്റെ സഹായത്തോടുകൂടി കംപ്യൂട്ടറിലേക്കും കംപ്യൂട്ടറിൽ നിന്ന് പുറത്തേക്കും ശബ്ദ സിഗ്നലുകളുടെ സഞ്ചാരം സാധ്യമാക്കുന്നു. മിക്ക സൗണ്ട് കാർഡുകളും ഒരു ഡിജിറ്റൽ - അനലോഗ് കൺവെർട്ടർ, ഡിജിറ്റൽ വിവരങ്ങളെ അനലോഗ് ആക്കി മാറ്റാനായി ഉപയോഗിക്കുന്നു. കാർഡിൽ നിന്ന് പുറത്തുവരുന്ന സിഗ്നൽ ഒരു ആമ്പ്ലിഫയറിലെക്കോ ഹെഡ്ഫോണിലേക്കോ മറ്റേതെങ്കിലും ഉപകരണത്തിലേക്കോ ടി ആർ എസ് കണക്റ്റർ അല്ലെങ്കിൽ  ആർ സി എ കണക്റ്റർ ഉപയോഗിച്ച് .
- 

# റാം


- 
- 
- 
- കമ്പ്യൂട്ടറുകളിൽ വിവരം അഥവാ ഡാറ്റ ശേഖരിച്ചു വയ്ക്കാനുള്ള് ഒരു ഉപാധിയാണ് റാം അഥവാ റാൻഡം ആക്സസ്സ് മെമ്മറി (RAM-

Random Access Memory) . വൈദ്യുതി വിച്ഛേദിക്കപ്പെട്ടാൽ വിവരങ്ങൾ മാഞ്ഞു പോകുന്ന തരം വിവരണ ശേഖരണ ഉപാധികളെയാണ് മിക്കപ്പോഴും റാം എന്ന് വിശേഷിപ്പിക്കുന്നത്.

- വിവരങ്ങൾ ക്രമരഹിതമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നതിനാലാണ് റാൻഡം ആക്സസ് മെമ്മറി എന്ന പേര് വന്നത്, ശേഖരിച്ചു വച്ചിരിക്കുന്ന വിവരം റാമിന്റെ ഏത് ഭാഗത്താണെങ്കിലും ഒരു നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചെടുക്കാൻ കഴിയും, ഇക്കാരണത്താൽ മിക്ക റോം/റീഡ് ഓൺലി മെമ്മറികളും (ROM- Read Only Memory), ഫ്ലാഷ് മെമ്മറികളും റാൻഡം ആക്സസ് മെമ്മറി വിഭാഗത്തിൽ പെടും.
- റാൻഡം ആക്സസ് അഥവാ ക്രമരഹിത വിവരശേഖരണം വളരെ ലളിതമായി മനസ്സിലാക്കുവാൻ ഓഡിയോ കസെറ്റും, ഓഡിയോ സിഡിയും തമ്മിൽ താരതമ്യം ചെയ്തു നോക്കിയാൽ മതി. ഓഡിയോ കസെറ്റിൽ രണ്ടാമത്തെ പാട്ട് കേൾക്കണമെങ്കിൽ ആദ്യത്തെ പാട്ട് കഴിയണം അല്ലെങ്കിൽ ടേപ്പ് വേഗത്തിൽ ഓടിച്ച് വിടണം, എങ്ങനെയാണെങ്കിലും ഒന്ന് കഴിയാതെ രണ്ടാമത്തേതിലെത്താൻ കഴിയില്ല,ഇതിനെ ക്രമാനുഗത അഥവാ സീക്വൻഷ്യൽ(sequential) പ്രക്രിയ എന്നു പറയാം. പക്ഷേ സിഡിയിൽ ആവശ്യമുള്ള പാട്ടിലേക്ക് നേരിട്ട് എത്താൻ സാധിക്കുന്നു, എത്ര പാട്ടുകളുണ്ടെങ്കിലും അത് സിഡിയുടെ ഏത് ഭാഗത്താണ് ശേഖരിച്ചു വച്ചിരിക്കുന്നതെങ്കിലും ഒരു നിശ്ചിത സമയം കൊണ്ട് ഏത് പാട്ടും എടുക്കാൻ സാധിക്കും. ഈ രീതിയിൽ വിവരങ്ങൾ എടുക്കുന്നതിന് റാൻഡം ആക്സസ് അഥവ ക്രമരഹിത തിരിച്ചെടുക്കൽ എന്നു പറയാം.

- 

# റീഡ് ഓൺലി മെമ്മറി





പി.സി.ബി യിൽ റോം എംബഡഡ് ചെയ്തിരിക്കുന്നു. (കറുത്ത ആവരണം)


വിവരം അഥവാ ഡാറ്റ ശേഖരിച്ചു വയ്ക്കാനുള്ള് ഒരു ഉപാധിയാണ് റോം അഥവാ **റീഡ് ഓൺലി മെമ്മറി** *(Read Only Memory അല്ലെങ്കിൽ* ***ROM****).* മിക്കപ്പോഴും ഉല്പാദന സമയത്തുതന്നെ ഡാറ്റ ഇവയിൽ ഉൾക്കൊള്ളിക്കുന്നു. ശേഖരിച്ചുവെച്ച ഡാറ്റ വായിക്കുവാൻ മാത്രമേ കഴിയുകയുള്ളൂ, ഇവ തിരുത്തുവാനോ മാറ്റം വരുത്തുവാനോ കഴിയുകയില്ല. വൈദ്യുതി വിച്ഛേദിക്കപ്പെട്ടാലും വിവരങ്ങൾ മാഞ്ഞുപോകുന്നതല്ല. കമ്പ്യൂട്ടർ അധിഷ്ഠിതമായ സാധാരണ ഹാർഡ്‌വെയർ വിവരങ്ങൾ, അനുബന്ധ ഉപകരണങ്ങളുടെ അവസ്ഥ, ഫ്ലാഗ് ഡാറ്റകൾ, ബയോസ് വിവരങ്ങൾ[1] തുടങ്ങിയവ സ്ഥിരമായി ശേഖരിച്ചുവെയ്ക്കുവാനും ഇതുപയോഗിക്കുന്നു.


# Drawing of Students








Archana .K


Safeeda M.P
IX-B


Manu.E.
8D


Safeeda.M.P


IX.A



നന്ദന . കെ.വി







IX A


വീടും പരിസരവും
Anuaanjini Suneesh


Hair
Eyebrow
Head
Eye
Ear
Teeth
Tongue
Nose
Shoulder
Neck
Hand
Elbow
Waist
Fingers
Knee
Leg
Anuranjini Suneesh cs


Jomol k.j


Jomol R.J




Anjali.p.v
9.A


ANJANA.U









# Thanks

**ABDUL SAMEER N** (SITC,KITE Master)

**Premalatha EV** (Kite Mistress)

**Muhammed Nihal MP** (Student Editor)

Sub Editors

Safvan KP

Shamila KK

Sifa Sherif

